(ബി) ആഗോള നിക്ഷേപക സമ്മേളനത്തോടനുബന്ധിച്ച് ഈ ബോർഡ് നിർവ്വഹിച്ച ചുമതലകൾ എന്തെല്ലാമായിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(സി) ജിം-നോടനുബന്ധിച്ച് ഒപ്പിട്ട ധാരണാപത്രങ്ങളിന്മേലുള്ള നടപടി ക്രമങ്ങൾ ഈ ബോർഡ് പൂർത്തിയാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പൂർണ്ണ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പദ്ധതികൾക്ക് അനുമതി നൽകുന്നതിനുള്ള ഒരു ദ്രുത സംവിധാനമായി പ്രവർത്തിക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച നിക്ഷേപ പ്രോൽസാഹന ബോർഡിന്റെ ലക്ഷ്യവും ചുമതലയും വിശദമാക്കുന്ന സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) ആഗോള നിക്ഷേപക സമ്മേളനത്തിന്റെ തുടർനടപടിയായിട്ടാണ് 2003 ഫെബ്രുവരിയിൽ ബോർഡ് രൂപീകരിച്ചത്.

(സി) ജിം-ൽ വന്ന 96 ധാരണാപത്രങ്ങളിൽ 40 എണ്ണത്തിന് തത്വാധിഷ്ഠിത അനുമതി നൽകുവാൻ ബോർഡ് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ അവയ്ക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത 40 പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി കൊടുത്തിരിക്കുന്നു.‡

വ്യവസായ സംരംഭകർക്ക് മൂലധന വായ്പ

3 [1142] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വ്യവസായ സംരംഭകർ ആരംഭിക്കുന്ന പുതിയ വ്യവസായ യൂണിറ്റുകളുടെ മൂല്യ അടിത്തറ വികസിപ്പിക്കുന്നതിനായി നൽകുന്ന കരുതൽ ധനവായ്പാ സഹായം (മാർജിൻ മണി ലോൺ) ഇനത്തിൽ സർക്കാർ വിഹിത മായി 2003-04 വർഷത്തേക്ക് വകയിരുത്തിയ തുക എത്രയാണ്;

(ബി) ഈ തുകയിൽ തൻവർഷം ചെലവാക്കിയത് എത്രയാണ്;

(സി) എത്ര സ്ഥാപനങ്ങൾക്കാണ് ഈ സഹായം അനുവദിച്ചത്;

(ഡി) ഈ സഹായത്തിനായി വ്യവസായ വകുപ്പിൽ എത്ര അപേക്ഷ കൾ ഇനിയും അവശേഷിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ഇ) അപേക്ഷകർക്കെല്ലാം ഈ സഹായം അനുവദിക്കാൻ നടപടി സ്വീക രിക്കുമോ?

---

† അനുബന്ധം II.

‡ അനുബന്ധം IIA.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പുതിയ വ്യവസായ യൂണിറ്റുകളുടെ മൂല്യ അടിത്തറ വികസിപ്പിക്കുന്നതിനായി നൽകുന്ന കരുതൽ ധനവായ്പാസഹായം (മാർജിൻ മണി ലോൺ) ഇനത്തിൽ സർക്കാർ വിഹിതമായി 2003-04 വർഷത്തേക്ക് 910 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഈ തുകയിൽ 31-12-2003 വരെ 197.21 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

(സി, ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഇ) അർഹരായ എല്ലാ അപേക്ഷകർക്കും ഈ സഹായം അനുവദിക്കാൻ വേണ്ടുന്ന എല്ലാ നടപടിയും സ്വീകരിച്ചിട്ടുണ്ട്.

പരമ്പരാഗത വ്യവസായ മേഖലയിൽ ദുരിതം അനുഭവിക്കുന്നവർക്ക് ആശ്വാസം

4 [1143] ശ്രീ. കെ. കെ. ജയചന്ദ്രൻ
„ കെ. രാധാകൃഷ്ണൻ:
„ മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായ മേഖലയിൽ ദുരിതം അനുഭവിക്കുന്നവർക്ക് ആശ്വാസം നൽകുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതിയെ സംബന്ധിച്ചും ഇതിനകം ഏതെല്ലാം മേഖലയിൽ എന്തുമാത്രം നടപ്പിൽ വരുത്തിയിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിക്കുവേണ്ടി എന്തു തുക തന്നാണ്ടിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; ഇതിനകം എന്തു തുക ചെലവഴിക്കുകയുണ്ടായി;

(ഡി) പരമ്പരാഗത വ്യവസായ സഹായ നിധിക്ക് രൂപം നൽകിയിട്ടുണ്ടോ, നിധിയിലേക്ക് സർക്കാർ എന്തു തുക നൽകുകയുണ്ടായി എന്ന് അറിയിക്കാമോ?

ഉത്തരം

(എ—ഡി) പരമ്പരാഗത വ്യവസായ മേഖലയിൽ ദുരിതം അനുഭവിക്കുന്നവർക്ക് ആശ്വാസം നൽകുന്നതിനും ഈ മേഖലയുടെ സമഗ്രമായ പുനരുജ്ജീവനത്തിനും വേണ്ടി ഒരു പരമ്പരാഗത വ്യവസായ സഹായനിധി രൂപീകരിക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. ഇതു സംബന്ധിച്ചുള്ള പദ്ധതികൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly